വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

ഏഴാംഘട്ടം

റിവിഷൻ ക്യാമ്പയിൻ 01

സൂറത്തു സജദ

2025 ഡിസംബർ 07 മുതൽ 2025 ഡിസംബർ 14 വരെ

GET IT ON Google Play

Velicham Online

velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

سورة السّجدة

32. സൂറത്തുസ്സജദഃ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 30 - വിഭാഗം (റുകൂഉ്) 3

വെള്ളിയാഴ്ച ദിവസം രാവിലത്തെ സുബ്ഹ് നമസ്കാരത്തിൽ ഈ സൂറത്തും, സൂറത്തുൽ ഇൻസാനും (هل اتى على الإنسان) റസൂൽ തിരുമേനി ﷺ ഓതാറുണ്ടായിരുന്നുവെന്ന് ബുഖാരി (റ)യും, മുസ്‌ലിമും (റ) രിവായത്ത് ചെയ്തിരിക്കുന്നു.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓمٓ ﴿١﴾

《1》 'അലിഫ്- ലാം- മീം' (*)

تَنزِيلُ ٱلْكِتَٰبِ لَا رَيْبَ فِيهِ مِن رَّبِّ ٱلْعَٰلَمِينَ ﴿٢﴾

《2》 (ഈ)വേദഗ്രന്ഥം അവതരിപ്പിച്ചത്-അതിൽ സന്ദേഹമേ ഇല്ല-ലോകരുടെ രക്ഷിതാവിങ്കൽ നിന്നാകുന്നു.

أَمْ يَقُولُونَ ٱفْتَرَىٰهُ ۚ بَلْ هُوَ ٱلْحَقُّ مِن رَّبِّكَ لِتُنذِرَ قَوْمًا مَّآ أَتَىٰهُم مِّن نَّذِيرٍ مِّن قَبْلِكَ لَعَلَّهُمْ يَهْتَدُونَ ﴿٣﴾

《3》 അഥവാ അവർ [അവിശ്വാസികൾ] പറയുന്നുവോ : അത് ഇവൻ [നബി] കെട്ടിച്ചമച്ചിരിക്കുകയാണ് എന്ന്? ! (അല്ല-) എന്നാലത് (നബിയേ)നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള യഥാർത്ഥമാകുന്നു :നിനക്കുമുമ്പ് ഒരു താക്കീതുകാരനും വന്നിട്ടില്ലാത്ത ഒരു ജനതക്ക് നീ താക്കീത് നൽകുവാൻ വേണ്ടിയാണ് (അത്) ; അവർ സൻമാർഗം പ്രാപിച്ചേക്കാമല്ലോ!

《1》 الم 'അലിഫ്-ലാം-മീം' 《2》 تَنزِيلُ الْكِتَابِ വേദഗ്രന്ഥം അവതരിപ്പിക്കൽ

(*) ഇത്തരം അക്ഷരങ്ങളെക്കുറിച്ച് ഇതിനുമുമ്പ് പ്രതിപാദിച്ചിട്ടുണ്ട്.

(ഇങ്ങൾ) لَا رَيْبَ സന്ദേഹമേ ഇല്ല فِيهِ അതിൽ مِن رَّبِّ الْعَالَمِينَ ലോകരക്ഷിതാവിങ്കൽ നിന്നാണ് ﴾3﴿ أَمْ يَقُولُونَ അതല്ല-(അഥവാ) അവർ പറയുന്നുവോ افْتَرَاهُ അവനതു കെട്ടിയുണ്ടാക്കി(എന്ന്) بَلْ എങ്കിലും, എന്നാൽ هُوَ അത് الْحَقُّ യഥാർത്ഥമാണ്, സത്യമാണ് مِن رَّبِّكَ നിന്റെ റബ്ബിങ്കൽ നിന്നുള്ള لِتُنذِرَ നീ താക്കീത് ചെയ്യുവാൻ വേണ്ടി قَوْمًا ഒരു ജനതക്ക് مَّا أَتَاهُم അവർക്ക് വന്നിട്ടില്ല مِّن نَّذِيرٍ ഒരു താക്കീതുകാരനും مِّن قَبْلِكَ നിനക്ക് മുമ്പായി لَعَلَّهُمْ അവരായേക്കും, ആകുവാൻ വേണ്ടി يَهْتَدُونَ നേർമാർഗം പ്രാപിക്കുക, പ്രാപിക്കുന്ന(വർ)

മുമ്പ് താക്കീതുകാരൻ-ദൈവദൂതൻ-വന്നിട്ടില്ലാത്ത ജനത എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം ക്വുറൈശി ജനതയാണെന്നു സൂ: ക്വസ്വസ് 46-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ مَا لَكُم مِّن دُونِهِۦ مِن وَلِىٍّ وَلَا شَفِيعٍ ۚ أَفَلَا تَتَذَكَّرُونَ ﴿٤﴾

﴾4﴿ ആകാശങ്ങളും, ഭൂമിയും, അവ രണ്ടിനുമിടയിലുള്ളതും ആറു ദിവസങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളവനത്രെ അല്ലാഹു. പിന്നീടവൻ അർശിൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തു. അവന് പുറമെ നിങ്ങൾക്ക് ഒരു കൈകാര്യകർത്താവാകട്ടെ, ശിപാർശക്കാരനാകട്ടെ ഇല്ല. എന്നിരിക്കെ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

يُدَبِّرُ ٱلْأَمْرَ مِنَ ٱلسَّمَآءِ إِلَى ٱلْأَرْضِ ثُمَّ يَعْرُجُ إِلَيْهِ فِى يَوْمٍ كَانَ مِقْدَارُهُۥٓ أَلْفَ سَنَةٍ مِّمَّا تَعُدُّونَ ﴿٥﴾

﴾5﴿ അവൻ ആകാശത്ത് നിന്ന് ഭൂമിയിലേക്ക് കാര്യം (വ്യവസ്ഥപ്പെടുത്തി) നിയന്ത്രിച്ചു വരുന്നു ; പിന്നീട് ഒരു ദിവസത്തിൽ അത് അവങ്കലേക്ക് ഉയർന്നുപോകുന്നു ; അതിന്റെ അളവ് [വലുപ്പം] നിങ്ങൾ എണ്ണിവരുന്ന (ഇനത്തിൽ) ആയിരം കൊല്ലമാകുന്നു (-അത്ര വമ്പിച്ചതാണ്) !

﴾4﴿ اللهُ الَّذِي അല്ലാഹു യാതൊരുവനത്രെ خَلَقَ അവൻ സൃഷ്ടിച്ചു السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയും وَمَا بَيْنَهُمَا അവരണ്ടിനിടയിലുള്ളതും فِي سِتَّةِ أَيَّامٍ ആറുദിവസങ്ങളിൽ ثُمَّ പിന്നീട് اسْتَوَى അവൻ ആരോഹണം ചെയ്തു عَلَى الْعَرْشِ അർശിൻമേൽ, സിംഹാസനത്തിൽ مَا لَكُمْ നിങ്ങൾക്കില്ല مِن دُونِهِ അവന് പുറമെ مِن وَلِيٍّ ഒരു കൈകാര്യക്കാരനും,

ബന്ധുവും, സഹായകനും وَلَا شَفِيعٍ ശുപാർശകനുമില്ല أَفَلَا تَتَذَكَّرُونَ എന്നിരിക്കെ നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ ﴾5﴿ يُدَبِّرُ അവൻ വ്യവസ്ഥപ്പെടുത്തുന്നു, നിയന്ത്രിക്കുന്നു الْأَمْرَ കാര്യം مِنَ السَّمَاءِ ആകാശത്തുനിന്ന് إِلَى الْأَرْضِ ഭൂമിയിലേക്ക് ثُمَّ يَعْرُجُ പിന്നീടത് കയറുന്നു إِلَيْهِ അവങ്കലേക്ക് فِي يَوْمٍ ഒരു ദിവസത്തിൽ كَانَ ആകുന്നു مِقْدَارُهُ അതിന്റെ അളവ്, തോത് أَلْفَ سَنَةٍ ആയിരം കൊല്ലം مِمَّا تَعُدُّونَ നിങ്ങൾ എണ്ണിവരുന്നതിൽപെട്ട.

ആറു ദിവസങ്ങളിലായിട്ടാണ് ആകാശഭൂമികളെ അല്ലാഹു സൃഷ്ടിച്ചതെന്ന് ഇവിടെ മാത്രമല്ല, യൂനുസ്, ഹൂദ്, അഅ്റാഫ്, ഹദീദ്, ക്വാഫ് എന്നീ സൂറത്തുകളിലും പ്രസ്താവിച്ചിട്ടുണ്ട്. ദിവസങ്ങൾ (أيام) എന്നതുകൊണ്ട് ഇവിടെ വിവക്ഷ നമുക്ക് സുപരിചിതമായ ഈ രാവും പകലും ചേർന്ന 24 മണിക്കൂർ സമയമായിരിക്കുവാൻ നിവൃത്തിയില്ല, കാരണം, സൂര്യന്റെ ഉദയാസ്തമയത്തെത്തുടർന്നാണല്ലോ നമ്മുടെ ദിവസങ്ങൾ ഉണ്ടാകുന്നത്. ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനു മുമ്പ് സൂര്യനും അതിന്റെ ഉദയാസ്തമയവും ഉണ്ടായിരിക്കയില്ല. ആകയാൽ ഒരു പ്രത്യേക അർത്ഥത്തിലുള്ള ആറു ദിവസങ്ങളായിരിക്കും ഉദ്ദേശ്യം. എന്നല്ലാതെ, സൂക്ഷ്മമായി ഒരഭിപ്രായം പറയുവാൻ തെളിവുകളില്ല. (സൂ:അൻബിയാഅ് 30-ാം വചനത്തിന്റെ വിവരണത്തിൽ നാം പ്രസ്താവിച്ചിട്ടുള്ള പലതും ഇവിടെ സ്മരിക്കുന്നത് നന്നായിരിക്കും) അതുപോലെത്തന്നെ ثُمَّ اسْتَوَى عَلَى الْعَرْشِ (പിന്നീട് അവൻ അർശിൽ ആരോഹണം ചെയ്തു) എന്ന വാക്യത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചും നമുക്ക് വ്യക്തമായും, തിട്ടമായും ഒന്നും പറയുവാൻ സാധ്യമല്ല. വാക്കർത്ഥം നമുക്കറിയാം. അല്ലാഹുവിന്റെ പ്രസ്താവനയിൽ നാം തികച്ചും വിശ്വസിക്കുകയും, അവന്റെ മഹത്വത്തിനും ഉൽകൃഷ്ടതക്കും യോജിക്കുന്ന ഏതോ രൂപത്തിലായിരിക്കും അതെന്ന് ഉറപ്പിച്ചു പറയുകയും ചെയ്യുന്നു. എന്നാൽ അതിന്റെ സ്വഭാവവും വിധവും എങ്ങിനെയാണെന്ന് നമുക്കറിഞ്ഞുകൂടാ. ഇത്തരം വചനങ്ങളിൽ പിൻഗാമികളായ പലരും അവക്ക് ചില വ്യാഖ്യാനങ്ങൾ നൽകി തൃപ്തിയടയുന്നു. അതുപോലെ തൃപ്തിയടയുവാൻ നാം തയ്യാറില്ല. സൂ: ത്വാഹയുടെ ആദ്യത്തിൽ നാം ഇത് സംബന്ധിച്ച് പറഞ്ഞിട്ടുള്ള ഭാഗം നോക്കുക.

ആകാശ ഭൂമികളുടെ സിംഹാസനാധിപതിയും സ്രഷ്ടാവും അല്ലാഹുവായിരിക്കെ, അവയിൽ നടമാടുന്ന സർവ്വ കാര്യങ്ങളുടെയും അധികാരവും, കൈകാര്യവും അവന്റെ പക്കലാണെന്ന് സ്പഷ്ടമാണ്. അവൻ അർശിൽ ആരോഹണം ചെയ്തിരിക്കുന്നുവെന്ന് പ്രസ്താവിക്കുന്ന സ്ഥലങ്ങളിൽ അതിനെത്തുടർന്ന് -5-ാം വചനത്തിൽ കാണുന്നത് പോലെ - അവൻ കാര്യങ്ങളെ നിയന്ത്രിക്കുന്നു (يدبر الأمر) എന്നോ, അല്ലെങ്കിൽ ഈ ഉദ്ദേശ്യം ഉൾക്കൊള്ളുന്ന മറ്റു ചില വാക്യങ്ങളോ അല്ലാഹു പ്രസ്താവിച്ചു കാണുന്നത് അതുകൊണ്ടാണ്. (സൂ: യൂനുസ്: 3, അഅ്റാഫ്: 54, റഅ്ദ്: 2, ഹദീദ്:4 മുതലായവ നോക്കുക)

ഭൂലോകത്ത് നടക്കുന്ന കാര്യങ്ങളെല്ലാം ഉപരിലോകവുമായി ബന്ധമുള്ളവയാണ്. നമുക്കതിന്റെ വിശദ വിവരം അറിയാവതല്ല. സൂര്യന്റെ ചലനം, പ്രകാശം, രശ്മി, ചന്ദ്രന്റെ ചലനം, വെളിച്ചം, നക്ഷത്രപ്രഭ, മഴ, വെയിൽ തുടങ്ങിയ വാനസംബന്ധമായ പല കാര്യങ്ങളും ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്ന പല കാര്യങ്ങളും പരസ്പരം ബന്ധമുള്ളവയാണെന്ന് ഏറെക്കുറെ എല്ലാവർക്കും അറിയാം എന്നാൽ, കേവലം ബാഹ്യമല്ലാത്തതും നമുക്കജ്ഞാത

വുമായ ചില അഭൗതിക കാര്യകാരണബന്ധങ്ങൾ വേറെയും നിലവിലുണ്ട്. ജനനം, മരണം, ഉൽപാദനം, നാശം, ക്ഷേമം, ക്ഷാമം പോലെയുള്ള പല കാര്യങ്ങളിലും അല്ലാഹുവിന്റെ മലക്കുകളുടെ ചില പ്രവർത്തനങ്ങളും ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നതായി പല ക്വുർആൻ വചനങ്ങളിൽ നിന്നും നബി വചനങ്ങളിൽ നിന്നും മനസ്സിലാക്കാം. ഇതേ സൂറത്തിലെ 11-ാം വചനത്തിൽ മനുഷ്യന്റെ മരണത്തിൽ മലക്കിന്റെ പ്രവർത്തനിത്തിനും പങ്കുള്ളതായി പ്രസ്താവിക്കുന്നുണ്ട്. ചുരുക്കത്തിൽ ഭൂമിയിലെ കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചും, അവൻ നിശ്ചയിച്ചിരിക്കുന്ന കാര്യകാരണവ്യവസ്ഥയനുസരിച്ചും നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രസ്ഥാനം ഉപരിലോകത്താണ് സ്ഥിതി ചെയ്യുന്നത്. നിലവിലുള്ള ഈ വ്യവസ്ഥ അവസാനിച്ചു പുതിയ ഒരു വ്യവസ്ഥ സ്ഥാപിതമാകുന്ന ആ മഹാദിനം-ക്വിയാമത്ത്നാൾ-ആയിക്കഴിഞ്ഞാൽ പിന്നീട് എല്ലാ കാര്യങ്ങളും - പ്രത്യക്ഷമായും പരോക്ഷമായും - അവങ്കലേക്ക്തന്നെ മടങ്ങുന്നു. പുതിയ ഒരു വ്യവസ്ഥയും നടപടിക്രമവും അന്ന് നിലവിൽവരുകയും ചെയ്യുന്നു. അന്നത്തെ അധികാരം മുഴുവനും അവന്മാത്രമായിരിക്കും. നാമമാത്രമായിട്ട്പോലും അതിലാർക്കും യാതൊരു പങ്കും ഉണ്ടാകുന്നില്ല.

لمن الملك اليوم لله الواحد القهار (അന്നത്തെ രാജത്വം ആർക്കാണ് ? സർവ്വാധികാരിയായ ഏകനായ അല്ലാഹുവിന്നു തന്നെ !) - 40:16

നിങ്ങൾ എണ്ണിവരുന്ന ആയിരംകൊല്ലം വലുപ്പമുള്ള ദിവസം എന്നു പറഞ്ഞത് അന്ത്യനാളിനെക്കുറിച്ചാകുന്നു. സൂറത്തുൽ മആരിജ് (المعارج) ൽ ഇപ്രകാരം കാണാം : تعرج الملئكة والروح اليه في يوم كان مقداره خمسين الف سنة അമ്പതിനായിരം കൊല്ലം വലുപ്പമുള്ള ഒരു ദിവസത്തിൽ മലക്കുകളും റൂഹും (ആത്മാവും) അവങ്കലേക്ക് കയറുന്നു എന്നർത്ഥം. അന്ത്യനാളിന്റെ കൃത്യമായ അളവ് വിവരിക്കുകയല്ല - ആ ദിവസത്തിന്റെ ഭയങ്കരതയും ഗൗരവവും കാണിക്കുകയാണ്-ഈ രണ്ട് വചനങ്ങളുടെയും ഉദ്ദേശ്യം എന്നാണ് പല മഹാൻമാരും പ്രസ്താവിക്കുന്നത്. സത്യവിശ്വാസികളായ സജ്ജനങ്ങളെ സംബന്ധിച്ചിടത്തോളം വിചാരണ ദിവസം കേവലം ഒരു നമസ്കാരം നിർവ്വഹിക്കുന്ന അത്ര സമയം പോലെ അനുഭവപ്പെടുമെന്ന് നബി ﷺ പ്രസ്താവിച്ചിട്ടുള്ളത് (അ; ബ.) ഇവിടെ സ്മരണീയമാകുന്നു. വേറെയും പല അഭിപ്രായങ്ങളും, വ്യാഖ്യാനങ്ങളും ഈ രണ്ട് ആയത്തുകളെ സംബന്ധിച്ച് മഹാൻമാർ പ്രസ്താവിച്ചുകാണാം. അതെല്ലാം ഉദ്ധരിച്ചു ദീർഘിപ്പിക്കുന്നില്ല. ക്വുർആനിൽ വന്നിട്ടുള്ള ഇത്തരം വാക്യങ്ങളുടെ നേർക്കുനേരെയുള്ള സാരങ്ങളും, സന്ദർഭങ്ങളും ശരിക്ക് മനസ്സിരുത്തിയാൽ-അധിക വ്യാഖ്യാനങ്ങളൊന്നും ആശ്രയിക്കാതെ തന്നെ-അവയിലെ പ്രധാന ആശയം സാമാന്യം എല്ലാവർക്കും മനസ്സിലാക്കാവുന്നതാണ്. സൂറത്തുൽ മആരിജിൽ വെച്ച് അല്പംകൂടി വിശദീകരണം കാണാം. إن شاءالله

ذَٰلِكَ عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ٱلْعَزِيزُ ٱلرَّحِيمُ ﴿٦﴾

﴾6﴿ (അങ്ങിനെയുള്ള) അവൻ അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവനാണ് ; പ്രതാപശാലിയാണ് ; കരുണാനിധിയാണ്.

ٱلَّذِىٓ أَحْسَنَ كُلَّ شَىْءٍ خَلَقَهُۥ ۖ وَبَدَأَ خَلْقَ ٱلْإِنسَٰنِ مِن طِينٍ ﴿٧﴾

﴾7﴿ അതായത് : താൻ സൃഷ്ടിച്ച് എല്ലാ വസ്തുക്കളെയും നന്നാക്കി (സൃഷ്ടിച്ചു) ഉണ്ടാക്കിയവൻ, മനുഷ്യന്റെ സൃഷ്ടിപ്പ് കളിമണ്ണിൽനിന്ന് അവൻ ആരംഭിച്ചു.

ثُمَّ جَعَلَ نَسْلَهُۥ مِن سُلَـٰلَةٍ مِّن مَّآءٍ مَّهِينٍ ﴿٨﴾

﴾8﴿ പിന്നെ, അവന്റെ സന്തതിയെ നിസ്സാരപ്പെട്ട ഒരു (തരം) വെള്ളമാകുന്ന സത്തില്‍ നിന്നും അവന്‍ ഉണ്ടാക്കി ;

ثُمَّ سَوَّىٰهُ وَنَفَخَ فِيهِ مِن رُّوحِهِۦ ۖ وَجَعَلَ لَكُمُ ٱلسَّمْعَ وَٱلْأَبْصَـٰرَ وَٱلْأَفْـِٔدَةَ ۚ قَلِيلًا مَّا تَشْكُرُونَ ﴿٩﴾

﴾9﴿ പിന്നീട് ; അവനെ (അന്യൂനമായി)ശരിപ്പെടുത്തുകയും, അവനില്‍ തന്റെ വക റൂഹ് [ജീവാത്മാവ്] ഊതുകയും ചെയ്തു. (മനുഷ്യരേ,) നിങ്ങള്‍ക്കവന്‍ കേള്‍വിയും, കണ്ണുകളും, ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു ; അല്പംമാത്രമേ നിങ്ങള്‍ നന്ദികാണിക്കുന്നുള്ളൂ.

﴾6﴿ ذَٰلِكَ അവന്‍ (മേല്‍ പ്രസ്താവിക്കപ്പെട്ടവന്‍) عَالِمُ الْغَيْبِ അദൃശ്യത്തെഅറിയുന്നവനാണ് وَالشَّهَادَةِ ദൃശ്യത്തെയും الْعَزِيزُ പ്രതാപശാലിയാണ് الرَّحِيمُ കരുണാനിധിയാണ് ﴾7﴿ الَّذِي അതായത് യാതൊരുവന്‍ أَحْسَنَ അവന്‍ നന്നാക്കി, നന്നായുണ്ടാക്കി كُلَّ شَيْءٍ എല്ലാ വസ്തുവെയും خَلَقَهُ അവന്‍ സൃഷ്ടിച്ചതായ وَبَدَأَ അവന്‍ ആരംഭിച്ചു خَلْقَ الْإِنْسَانِ മനുഷ്യന്റെ സൃഷ്ടിപ്പ് مِنْ طِينٍ കളിമണ്ണില്‍ നിന്ന് ﴾8﴿ ثُمَّ جَعَلَ പിന്നെ അവന്‍ ആക്കി, ഉണ്ടാക്കി نَسْلَهُ അവന്റെ സന്തതിയെ مِنْ سُلَالَةٍ ഒരു സത്തില്‍ നിന്ന് مِنْ مَاءٍ വെള്ളത്തില്‍ നിന്നുള്ള مَهِينٍ നിസ്സാരമായ, നിന്ദ്യമായ ﴾9﴿ ثُمَّ سَوَّاهُ പിന്നെ അവനെ ശരിപ്പെടുത്തി, ചൊവ്വാക്കി وَنَفَخَ ഊതുകയും ചെയ്തു فِيهِ അവനില്‍ مِنْ رُوحِهِ അവന്റെ (വക) റൂഹില്‍ നിന്ന്, ആത്മാവിനെ وَجَعَلَ لَكُمُ നിങ്ങള്‍ക്കവന്‍ ഉണ്ടാക്കുകയും ചെയ്തു السَّمْعَ കേള്‍വി وَالْأَبْصَارَ കാഴ്ചകളും (കണ്ണുകളും) وَالْأَفْئِدَةَ ഹൃദയങ്ങളും قَلِيلًا مَا അല്പം മാത്രം تَشْكُرُونَ നിങ്ങള്‍ നന്ദികാണിക്കുന്നു.

7-ാം വചനത്തിലെ ആദ്യത്തെ വാക്യത്തില്‍ خَلَقَهُ എന്നതിന്റെ സ്ഥാനത്ത് خَلْقَهُ എന്നും വായനയുണ്ട്. അപ്പോള്‍ ആ വാക്യത്തിന് ഇങ്ങിനെ അര്‍ത്ഥം നല്‍കാം : എല്ലാ വസ്തുവിനെയും - അതായത് അതിന്റെ സൃഷ്ടിപ്പിനെ-നന്നാക്കിയുണ്ടാക്കിയവന്‍. രണ്ടായാലും സാരം ഒന്ന്തന്നെ.

ആകാശഭൂമികളും അതിലുള്ള എല്ലാ വസ്തുക്കളും അല്ലാഹു സൃഷ്ടിച്ചതാണെന്നും അവന്‍ അവയുടെ സിംഹാസനാധിപതിയും, കൈകാര്യകര്‍ത്താവും, നിയന്താവുമാണെന്നും കഴിഞ്ഞ വചനങ്ങളില്‍ പ്രസ്താവിച്ചു. തുടര്‍ന്നുകൊണ്ട് അതേ അല്ലാഹു എല്ലാ കാര്യങ്ങളും - അദൃശ്യമെന്നോ ദൃശ്യമെന്നോ വ്യത്യാസമില്ലാതെ-അറിയുന്നവനാണെന്നും അവന്‍ പ്രതാപശാലിയും കരുണാനിധിയും ആണെന്നും, അഥവാ അവന്റെ പ്രതാപം കാരുണ്യത്തിനോ, കാരുണ്യം പ്രതാപത്തിനോ തടസ്സമാകുന്നില്ലെന്നും 6-ാം വചനത്തിലും ചൂണ്ടിക്കാട്ടി. പിന്നീട് അഖിലവസ്തുക്കളെയും അതാതിന്നനുയോജ്യമായ

എല്ലാ സ്വഭാവപ്രകൃതികളോടുകൂടി സൃഷ്ടിച്ചിട്ടുണ്ടെന്ന് മൊത്തത്തിൽ ഉണർത്തി. അനന്തരം മനുഷ്യസൃഷ്ടിപ്പിന്റെ ചരിത്രം ചുരുക്കത്തിൽ വിവരിക്കുകയാണ്.

മനുഷ്യസൃഷ്ടിയുടെ തുടക്കം കളിമണ്ണിൽ നിന്നാണ്. അഥവാ വെള്ളം കലർന്ന മണ്ണിൽ നിന്ന്. മനുഷ്യപിതാവായ ആദം (അ)ന്റെ ഉൽഭവത്തെയാണിത് സൂചിപ്പിക്കുന്നത്. അദ്ദേഹത്തിന്ശേഷം പിന്നീടുള്ള സന്തതികളാകട്ടെ, മണ്ണിൽനിന്നും വെള്ളത്തിൽ നിന്നും ഉൽഭവിച്ച ഭക്ഷ്യവസ്തുക്കളാൽ, ഉൽഭൂതമായ-കേവലം നിന്ദ്യവും നിസ്സാരവുമായ - ഇന്ദ്രിയമാകുന്ന ജലബീജത്തിൽ നിന്നാണ് ജൻമമെടുക്കുന്നത്. ബീജം വികസിച്ചുവളരുകയും, ആവശ്യമായ അവയവങ്ങൾ സഹിതം, മനുഷ്യന്റെതായ സ്വഭാവവും പ്രകൃതിയും ധരിച്ചുകൊണ്ട് വെളിക്കുവരുകയും ചെയ്യുന്നു. മനുഷ്യരാൽ അപഗ്രഥനം ചെയ്വാനും, യാഥാർത്ഥ്യം കണ്ടെത്തുവാനും സാധിക്കാത്ത അതിമഹത്തായ ഒരു ശക്തി വിശേഷം ആർജ്ജിച്ചുകൊണ്ടാണവൻ വെളിക്കുവരുന്നത്. അത് മൂലമാണവൻ ചലിക്കുന്നതും, കാര്യങ്ങൾ ഗ്രഹിച്ചുതുടങ്ങുന്നതും, വളരുന്നതുമെല്ലാം. അതത്രെ ജീവാത്മാവ്. എന്താണീ ആത്മാവ്?! അതാർക്കും അറിഞ്ഞുകൂടാ. ഇതേവരെ അറിയാൻ കഴിഞ്ഞിട്ടില്ല. എന്നാൽ നിഷേധിക്കുവാൻ സാധ്യമാണോ ? ഇല്ല. അതിന്റെ യാഥാർത്ഥ്യം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ ! അത്കൊണ്ടുതന്നെയാണ് തന്റെ വക ആത്മാവിൽ നിന്നും അവൻ ഊതി (ونفخ فيه...) എന്ന് പറഞ്ഞതും ويسألونك عن الروح....إلا قليلا - بنى إسرائيل:٨٥ (അവൻ നിന്നോട് ആത്മാവിനെക്കുറിച്ച് ചോദിക്കുന്നു. പറയുക : ആത്മാവ് എന്റെ റബ്ബിന്റെ കാര്യത്തിൽപെട്ടതാണ്. നിങ്ങൾക്ക് അറിവിൽ നിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല. സൂ: ബനൂ ഇസ്റാഈൽ)

ഇതരജീവികളെപ്പോലെ ചലിക്കുവാനും ജീവിക്കുവാനും ആവശ്യമായ കഴിവുകൾ മാത്രമല്ല അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്നത്. കണ്ടും കേട്ടും കാര്യങ്ങൾ ഗ്രഹിക്കുവാനും ചിന്തിച്ചും ആലോചിച്ചും യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുവാനും വേണ്ടുന്ന കഴിവുകൾകൂടി നൽകിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, മനുഷ്യന് അല്ലാഹു നൽകിയിരിക്കുന്ന അനുഗൃഹീതസ്ഥാനം വളരെ ഉന്നതമാണ്. പക്ഷേ, അവൻ അതിന് അല്ലാഹുവിനോട് നന്ദിയും കൂറും കാണിക്കുന്നുണ്ടോ? ഇല്ല. വളരെകുറച്ച്മാത്രം ! അതും എല്ലാവരുമില്ല. കുറഞ്ഞ ആളുകൾമാത്രം ! വാസ്തവത്തിൽ നന്ദികെട്ടവരുടെ നിലപാട് ഇവിടംകൊണ്ടും അവസാനിക്കുന്നില്ല. ഇതെല്ലാം ചെയ്ത അല്ലാഹുവിനെക്കുറിച്ച് അവരുടെ നിഗമനം എന്താണെന്ന് നോക്കുക !

وَقَالُوٓا۟ أَءِذَا ضَلَلْنَا فِى ٱلْأَرْضِ أَءِنَّا لَفِى خَلْقٍ جَدِيدٍۭ ۚ بَلْ هُم بِلِقَآءِ رَبِّهِمْ كَـٰفِرُونَ ﴿١٠﴾

﴾10﴿ അവർ [അവിശ്വാസികൾ] പറയുന്നു : ഞങ്ങൾ ഭൂമിയിൽ മറഞ്ഞു (പാഴായി) പോയാൽ, നിശ്ചമായും ഞങ്ങൾ പുതിയ ഒരു സൃഷ്ടിയിൽ (വീണ്ടും എഴുന്നേൽപിക്കപ്പെടുന്നവർ) ആയിരിക്കുകയോ ?! (മാത്രമല്ല,) എന്നാലവർ, തങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിൽതന്നെ അവിശ്വസിക്കുന്നവരാണ്.

﴾11﴿ (നബിയേ) പറയുക : നിങ്ങളുടെ കാര്യത്തിൽ ഏല്പിക്കപ്പെട്ടിട്ടുള്ള മരണത്തിന്റെ മലക്ക് നിങ്ങളെ പൂർണമായെടുക്കും [മരണപ്പെടുത്തും]. പിന്നീട് നിങ്ങളുടെ റബ്ബിങ്കലേക്ക് നിങ്ങൾ മടക്കപ്പെടും.

۞ قُلْ يَتَوَفَّىٰكُم مَّلَكُ ٱلْمَوْتِ ٱلَّذِى وُكِّلَ بِكُمْ ثُمَّ إِلَىٰ رَبِّكُمْ تُرْجَعُونَ ﴿١١﴾

﴾10﴿ وَقَالُوا അവർ പറയുന്നു, പറഞ്ഞു أَءِذَا ضَلَلْنَا ഞങ്ങൾ (നാം) മറഞ്ഞുപോയിട്ടോ, പാഴായാലോ فِي الْأَرْضِ ഭൂമിയിൽ أَءِنَّا നിശ്ചയമായും ഞങ്ങളോ لَفِي خَلْقٍ ഒരു സൃഷ്ടിയിലായിരിക്കുക جَدِيدٍ പുതുതായ بَلْ എന്നാൽ (അത്രയുമല്ല), എങ്കിലും هُمْ അവർ بِلِقَاءِ رَبِّهِمْ തങ്ങളുടെ റബ്ബുമായി കാണുന്നതിൽ كَافِرُونَ അവിശ്വാസികളാണ്, നിഷേധികളാണ് ﴾11﴿ قُلْ പറയുക يَتَوَفَّاكُمْ നിങ്ങളെ പൂർണമായെടുക്കും, പൂർത്തിയായി بِكُمْ നിങ്ങളിൽ, (നിങ്ങളുടെ കാര്യത്തിൽ) ثُمَّ പിന്നെ إِلَىٰ رَبِّكُمْ നിങ്ങളുടെ റബ്ബിങ്കലേക്ക് تُرْجَعُونَ നിങ്ങൾ മടക്കപ്പെടും.

പൂർത്തിയാക്കിക്കൊടുത്തു, നിറവേറ്റിക്കൊടുത്തു എന്നൊക്കെ അർത്ഥമുള്ളതും രണ്ട് കർമങ്ങൾ ഉണ്ടായിരിക്കുന്നതുമായ وفى (വഫ്ഫാ) എന്ന ക്രിയയുടെ അനുസരണക്രിയ (مطاوع) യത്രെ ആയത്തിൽ കാണുന്ന توفى (തവഫ്ഫാ) എന്ന പദം. ഇതിന് ഒരു കർമമാണുണ്ടായിരിക്കുക. പൂർണമായെടുത്തു, മുഴുവൻ വാങ്ങി(اخذ وافيا , استكمل) എന്നൊക്കെയായിരിക്കും ഇതിന് അർത്ഥം. സന്ദർഭമനുസരിച്ചും, കർമത്തിന്റെ വ്യത്യാസമനുസരിച്ചും ഈ രണ്ട് ക്രിയാരൂപങ്ങളുടെയും ഉദ്ദേശ്യത്തിൽ വ്യത്യാസം കാണും. ഈ ആയത്തിലുള്ളതുപോലെ മരണപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിലും, സൂറത്തുൽ അൻആം 60 ലുള്ളപോലെ 'ഉറക്കുക' (നിദ്രയിലാക്കുക) എന്ന ഉദ്ദേശ്യത്തിലും توفى എന്ന രൂപം ഖുർആനിൽ തന്നെ വന്നിട്ടുണ്ട്. ചുരുക്കത്തിൽ, توفى എന്ന പദത്തിന്- ചില തൽപരകക്ഷികൾ പറയാറുള്ളതുപോലെ-മരണപ്പെടുത്തുക എന്നല്ല നേർക്കുനേരെയുള്ള അർത്ഥം. സൂറത്തുന്നിസാഉ് 15-ൽ حتى يتوفاهن الموت (മരണം അവരെ പൂർണമായെടുക്കുന്നത് വരെ) എന്നും, സൂ: സുമർ 42-ൽ الله يتوفى الأنفس حين موتها والتى لم تمت في منامها (ആത്മാക്കളെ അവയുടെ മരണവേളയിലും, മരണപ്പെടാത്തവയെ അവയുടെ ഉറക്കിലും അല്ലാഹു പൂർണമായെടുക്കുന്നു) എന്നും പ്രസ്താവിച്ചിട്ടുള്ളത് ഇത്കൊണ്ടാണ്.

ഈ ലോകത്ത് നടക്കുന്ന പല സംഭവങ്ങളിലും മലക്കുകൾക്ക് ചില പങ്കുകളുണ്ടെന്ന് ഇതിന് മുമ്പ് നാം ചൂണ്ടിക്കാട്ടുകയുണ്ടായി. മനുഷ്യന്റെ മരണകാര്യത്തിൽ ഏൽപിക്കപ്പെട്ട ഒരു പ്രത്യേക മലക്കുണ്ടെന്ന് ഈ ആയത്തിൽ നിന്ന് വ്യക്തമാണല്ലോ. ഇദ്ദേഹത്തെ ഉദ്ദേശിച്ചാണ് സാധാരണ അസ്റാഈൽ(غزرائيل–ع) എന്ന് പറയപ്പെടുന്നത്. മരണവേളയിൽ ആത്മാക്കളെ എടുത്തുകൊണ്ട് പോകുന്നത് മലക്കുകളാണെന്ന് സൂറത്തുൽ അൻആം 93-ാം ആയത്തിൽ കാണാവുന്നതാണ്. കൂടാതെ പല ഹദീഥുകളിലും വന്നിട്ടുണ്ട്. മേൽപ്പറഞ്ഞ മലക്കിന് പുറമെ മനുഷ്യന്റെ മരണവേളയിൽ വേറെ മലക്കുകൾക്കും സാന്നിധ്യവും പ്രവർത്തനവും ഉണ്ടായിരിക്കുമെന്നും ഖുർആനിൽ നിന്ന് സ്പഷ്ടമാണ്. (സൂ: നഹ്ൽ: 28; 32; നിസാഉ് 97; മുഹമ്മദ് 27 മുതലായവ നോക്കുക)

മനുഷ്യൻ മരണപ്പെട്ടു മണ്ണടിഞ്ഞുപോയശേഷം രണ്ടാമതൊരു ജീവിതം ഉണ്ടാകുക അസാധ്യമാണെന്ന് ധരിച്ചുവെച്ച മുശ്‌രിക്കുകളുടെ പരിഹാസവും ആശ്ചര്യവും നിറഞ്ഞ ചോദ്യവും, അതിന് ഖണ്ഡിതമായ മറുപടിയുമാണ് ഈ വചനങ്ങളിൽ കാണുന്നത്. എന്നാൽ, അതിനെപ്പറ്റി ഇപ്പോൾ അവർ എന്തുതന്നെ പറഞ്ഞാലും ശരി, എന്തുതന്നെ വിശ്വസിച്ചാലും ശരി, പരലോകത്ത്‌വെച്ചു അവരുടെ ഈ നിലയെല്ലാം മാറിപ്പോകുമെന്നും, അവർ തീരാദുഃഖത്തിൽ അകപ്പെടുമെന്നും അടുത്ത വചനത്തിൽ അല്ലാഹു താക്കീത് ചെയ്യുന്നു :

വിഭാഗം - 2

وَلَوْ تَرَىٰٓ إِذِ ٱلْمُجْرِمُونَ نَاكِسُوا۟ رُءُوسِهِمْ عِندَ رَبِّهِمْ رَبَّنَآ أَبْصَرْنَا وَسَمِعْنَا فَٱرْجِعْنَا نَعْمَلْ صَٰلِحًا إِنَّا مُوقِنُونَ ﴿١٢﴾

《12》 (ആ) കുറ്റവാളികൾ അവരുടെ രക്ഷിതാവിന്റെ അടുക്കൽ തങ്ങളുടെ തലകൾ (കുത്തനെ)താഴ്ത്തിക്കൊണ്ടിരിക്കുന്ന സന്ദർഭം നീ കാണുന്നപക്ഷം! (ഹാ, അത് വല്ലാത്തൊരു കാഴ്ചയായിരിക്കും!) (അവർ പറയും:) ഞങ്ങളുടെ റബ്ബേ ! ഞങ്ങൾ (നേരിൽ)കാണുകയും, കേൾക്കുകയും ചെയ്തു ; അതുകൊണ്ട് ഞങ്ങളെ മടക്കി (അയച്ചു) തരേണമേ -ഞങ്ങൾ സൽക്കർമം പ്രവർത്തിച്ചുകൊള്ളാം ! നിശ്ചയമായും ഞങ്ങൾ (ഇപ്പോൾ) ദൃഢമായി വിശ്വസിച്ചവരാണ്.

《12》 وَلَوْ تَرَىٰ നീ കണ്ടിരുന്നെങ്കിൽ ! إِذِ الْمُجْرِمُونَ കുറ്റവാളികൾ ആയിരിക്കുന്ന സന്ദർഭം نَاكِسُو رُءُوسِهِمْ തങ്ങളുടെ തലകളെ താഴ്ത്തിക്കൊണ്ടിരിക്കുന്നവർ عِندَ رَبِّهِمْ തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ رَبَّنَا ഞങ്ങളുടെ രക്ഷിതാവേ أَبْصَرْنَا ഞങ്ങൾ കണ്ടു وَسَمِعْنَا ഞങ്ങൾ കേൾക്കയും ചെയ്തു فَارْجِعْنَا ആകയാൽ ഞങ്ങളെ മടക്കിത്തരേണമേ نَعْمَلْ ഞങ്ങൾ പ്രവർത്തിച്ചുകൊള്ളാം صَالِحًا സൽകർമം إِنَّا നിശ്ചയമായും ഞങ്ങൾ مُوقِنُونَ ഉറപ്പിച്ചവരാണ്, ദൃഢവിശ്വാസികളാണ്

പുനരുത്ഥാനത്തെ നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്ന ആ മഹാപാപികൾ അല്ലാഹുവിന്റെ മുമ്പിൽ വരുമ്പോൾ, അവർണനീയമായ ഭയവിഹ്വലതയും, അപാരമായ വ്യസനവും, അത്യധികമായ നാണക്കേടും നിമിത്തം തലപൊക്കാൻ സാധിക്കാതെ കേണപേക്ഷിക്കുന്ന ആ സന്ദർഭത്തിന്റെ ഗൗരവം അല്ലാഹു ചൂണ്ടിക്കാട്ടുകയാണ്. തങ്ങളോട് ദൈവദൂതൻമാർ മുന്നറിയിപ്പ് നൽകിയിരുന്നതെല്ലാം പരിപൂർണ സത്യമാണെന്ന് തങ്ങൾക്കിപ്പോൾ അനുഭവംകൊണ്ട് ബോധ്യമായെന്നും, ഇഹത്തിലേക്ക് ഒന്ന് ഒകൂടി മടക്കി അയച്ചുതന്നാൽ തങ്ങൾ സൽക്കർമികളായിക്കൊള്ളാമെന്നും അവർ കേണപേക്ഷിച്ചുകൊണ്ടിരിക്കും. പക്ഷേ, ഫലമെന്ത്?! അല്ലാഹു പറയുന്നു :

وَلَوْ شِئْنَا لَآتَيْنَا كُلَّ نَفْسٍ هُدَىٰهَا وَلَٰكِنْ حَقَّ ٱلْقَوْلُ مِنِّى لَأَمْلَأَنَّ جَهَنَّمَ مِنَ ٱلْجِنَّةِ وَٱلنَّاسِ أَجْمَعِينَ ﴿١٣﴾

《13》 നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഓരോ ദേഹത്തിനും [ആൾക്കും] അതിന്റെ നേർമാർഗം നാം നൽകുമായിരുന്നു. പക്ഷേ, എന്നിൽ നിന്ന് വാക്ക് സ്ഥിരപ്പെട്ടു കഴിഞ്ഞിരിക്കുന്നു: ജിന്നുകളിൽ നിന്നും, മനുഷ്യരിൽ നിന്നുമെല്ലാം നരകത്തെ നിശ്ചയമായും ഞാൻ നിറക്കുന്നതാണ് എന്ന്.

《13》 وَلَوْ شِئْنَا നാം ഉദ്ദേശിച്ചിരുന്നെങ്കിൽ لَآتَيْنَا നാം നൽകുമായിരുന്നു كُلَّ نَفْسٍ എല്ലാ ദേഹത്തിനും, ആൾക്കും, ആത്മാവിനും هُدَاهَا അതിന്റെ നേർമാർഗം وَلَٰكِنْ പക്ഷേ, എങ്കിലും حَقَّ സ്ഥിരപ്പെട്ടു, യാഥാർത്ഥ്യമായിരിക്കുന്നു الْقَوْلُ വാക്ക്, വചനം مِنِّي എന്റെ പക്കൽ നിന്ന് لَأَمْلَأَنَّ നിശ്ചയമായും ഞാൻ നിറക്കും (എന്ന്) جَهَنَّمَ നരകത്തെ مِنَ الْجِنَّةِ ജിന്നുകളിൽനിന്നും, ജിന്നുകളാലും وَالنَّاسِ മനുഷ്യരിൽ നിന്നും أَجْمَعِينَ എല്ലാം തന്നെ.

അതായത്, ഒരാൾപോലും ദുർമാർഗത്തിൽ അകപ്പെടാതെ, എല്ലാവരും സൻമാർഗികൾ മാത്രം ആയേ തീരൂ എന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ കാര്യം അങ്ങിനെത്തന്നെ സംഭവിക്കുമായിരുന്നു. പക്ഷേ, അവന്റെ നിശ്ചയം അതല്ല. ജിന്നുവർഗത്തിനും, മനുഷ്യവർഗത്തിനും ആവശ്യമായ മാർഗദർശനങ്ങൾ നൽകുകയും അവരവരുടെ ഹിതമനുസരിച്ച് നല്ലതും തീയതും തിരഞ്ഞെടുക്കുവാൻവേണ്ടുന്ന അഭിപ്രായസ്വാതന്ത്ര്യം എല്ലാവർക്കും നൽകുകയുമാണ് ചെയ്തിരിക്കുന്നത്. അതോടൊപ്പം തന്നെ, ദുർമാർഗികളെ നരകത്തിലിട്ടു ശിക്ഷിക്കുമെന്ന താക്കീതും നൽകിയിട്ടുണ്ട്. ആ നിശ്ചയത്തിന് ഇനി മാറ്റമില്ലെന്നു സാരം. (സൂ: ശൂറാ 8-ാം വചനത്തിന്റെ വിവരണത്തിൽ കൂടുതൽ വിവരം വരുന്നതാണ് إنْ شَاءَ الله

മനുഷ്യപിതാവായ ആദം നബി(അ)ക്ക് സുജൂദ് ചെയ്വാനുള്ള അല്ലാഹുവിന്റെ കൽപനയെ ധിക്കരിച്ചതിനെത്തുടർന്ന് പിശാച് അല്ലാഹുവിന്റെ ശാപത്തിന് വിധേയനായി. ഈ അവസരത്തിൽ ഖേദിച്ചുമടങ്ങുന്നതിന്പകരം, ആദമിന്റെ സന്താനങ്ങളെ തന്നെക്കൊണ്ട് കഴിയുന്നവണ്ണം താൻ വഞ്ചിക്കുമെന്ന് ശപഥം ചെയ്യുകയാണ് പിശാച് ചെയ്തത്. ഈ അവസരത്തിൽ അല്ലാഹു അവനെ അഭിമുഖീകരിച്ചു ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി : لاملان جهنم منك وممن تبعك منهم أجمعين–ص ٨٥ (നിന്നെക്കൊണ്ടും അവരിൽ നിന്ന് നിന്നെ പിൻപറ്റിയവരെക്കൊണ്ടുമെല്ലാം നിശ്ചയമായും നാം നരകത്തെ നിറക്കുന്നതാണ്) ഈ നിശ്ചയത്തെക്കുറിച്ചാണ് അല്ലാഹു ഇവിടെയും പ്രസ്താവിക്കുന്നത്. കുറ്റവാളികളുടെ അപേക്ഷ ഗൗനിക്കപ്പെടാതിരിക്കുവാനുള്ള കാരണം വിവരിച്ചശേഷം അവർക്ക് നൽകുന്ന മറുപടി എന്തായിരിക്കുമെന്ന് അല്ലാഹു അടുത്ത വചനത്തിൽ ഉദ്ധരിക്കുന്നു :

فَذُوقُواْ بِمَا نَسِيتُمۡ لِقَآءَ يَوۡمِكُمۡ هَٰذَآ إِنَّا نَسِينَٰكُمۡۖ وَذُوقُواْ عَذَابَ ٱلۡخُلۡدِ بِمَا كُنتُمۡ تَعۡمَلُونَ ﴿١٤﴾

﴾14﴿ ആകയാൽ, നിങ്ങളുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്നത് നിങ്ങൾ വിസ്മരിച്ചു കളഞ്ഞതുകൊണ്ട് (അതിന്റെ ശിക്ഷ) നിങ്ങൾ ആസ്വദിച്ചു കൊള്ളുവിൻ. നിശ്ചയമായും നാം നിങ്ങളെ വിസ്മരിച്ചിരിക്കുകയാണ് ! നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലമായി ശാശ്വതശിക്ഷ ആസ്വദിക്കുകയും ചെയ്തുകൊള്ളുവിൻ !

﴾14﴿ فَذُوقُوا അതുകൊണ്ട് നിങ്ങൾ ആസ്വദിക്കുവിൻ بِمَا نَسِيتُمْ നിങ്ങൾ വിസ്മരിച്ചതിനാൽ لِقَاءَ يَوْمِكُمْ നിങ്ങളുടെ ദിവസത്തെ കണ്ടുമുട്ടുന്നതിനെ هَٰذَا ഈ إِنَّا നിശ്ചയമായും നാം نَسِينَاكُمْ നിങ്ങളെ വിസ്മരിച്ചിരിക്കുന്നു وَذُوقُوا ആസ്വദിക്കയും ചെയ്യുവിൻ عَذَابَ الْخُلْدِ ശാശ്വത ശിക്ഷ بِمَا كُنتُمْ നിങ്ങളായിരുന്നതുകൊണ്ട് تَعْمَلُونَ പ്രവർത്തിച്ചിരുന്ന (തുകൊണ്ട്).

അല്ലാഹുവിന്റെ മുമ്പിൽ തങ്ങൾ ഹാജരാക്കപ്പെടുകയും വിചാരണ ചെയ്യപ്പെടുകയും ചെയ്യുമെന്നതിനെ അവർ വ്യാജമാക്കി അവഗണിച്ചതുകൊണ്ട് അല്ലാഹു അവരോടും അവഗണന സ്വീകരിക്കുകയാണ് ചെയ്യുക. എനി അവർക്ക് ശാശ്വതമായ നരകശിക്ഷ അനുഭവിക്കുകയല്ലാതെ ഗത്യന്തരമില്ല എന്ന് സാരം. സത്യനിഷേധികളെക്കുറിച്ച് പ്രസ്താവിച്ചശേഷം അടുത്ത വചനങ്ങളിൽ സത്യവിശ്വാസികളെക്കുറിച്ച് പ്രസ്താവിക്കുന്നു:

إِنَّمَا يُؤۡمِنُ بِـَٔايَٰتِنَا ٱلَّذِينَ إِذَا ذُكِّرُواْ بِهَا خَرُّواْ سُجَّدٗا وَسَبَّحُواْ بِحَمۡدِ رَبِّهِمۡ وَهُمۡ لَا يَسۡتَكۡبِرُونَ۩ ﴿١٥﴾

﴾15﴿ നിശ്ചയമായും നമ്മുടെ ആയത്തുകളിൽ യാതൊരു കൂട്ടർ മാത്രമേ വിശ്വസിക്കുന്നുള്ളു : അവർക്ക് അവമുഖേന ഉൽബോധനം നൽകപ്പെട്ടാൽ അവർ സുജൂദ് [സാഷ്ടാംഗ നമസ്കാരം] ചെയ്യുന്നവരായി നിലംപതിക്കുകയും തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് [സ്തോത്രകീർത്തനം] ചെയ്യുകയും ചെയ്യുന്നതാണ് ; അവരാകട്ടെ, ഗർവ്വ് നടിക്കുകയുമില്ല.

تَتَجَافَىٰ جُنُوبُهُمْ عَنِ ٱلْمَضَاجِعِ يَدْعُونَ رَبَّهُمْ خَوْفًا وَطَمَعًا وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ﴿١٦﴾

﴿16﴾ തങ്ങളുടെ രക്ഷിതാവിനോട് - ഭയവും ആശയും നിമിത്തം - പ്രാർത്ഥന ചെയ്തുകൊണ്ട് അവരുടെ പാർശ്വങ്ങൾ കിടപ്പുസ്ഥാനങ്ങളിൽ [വിരിപ്പുകളിൽ] നിന്ന് അകന്ന്പോകുന്നതാണ് ; നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് അവർ ചിലവഴിക്കുകയും ചെയ്യും. (ഇങ്ങിനെയുള്ളവരേ വിശ്വസിക്കുന്നുള്ളൂ

﴿15﴾ إِنَّمَا يُؤْمِنُ നിശ്ചയമായും വിശ്വസിക്കുന്നുള്ളൂ بِآيَاتِنَا നമ്മുടെ ആയത്തുകളിൽ الَّذِينَ
യാതൊരുകൂട്ടർ (മാത്രം) إِذَا ذُكِّرُوا അവർക്ക് ഉദ്ബോധനം (ഉപദേശം) ചെയ്യപ്പെട്ടാൽ بِهَا
അവ മുഖേന, അവകൊണ്ട് خَرُّوا അവർ നിലംപതിക്കും, വീഴും سُجَّدًا സുജൂദ് ചെയ്യുന്ന
വരായിട്ട് وَسَبَّحُوا അവർ തസ്ബീഹ് ചെയ്യുകയും ചെയ്യും بِحَمْدِ സ്തുതിച്ചുകൊണ്ട്
رَبِّهِمْ തങ്ങളുടെ റബ്ബിനെ وَهُمْ അവരാകട്ടെ لَا يَسْتَكْبِرُونَ ഗർവ്വ് (അഹംഭാവം) നടിക്കയുമില്ല
﴿16﴾ تَتَجَافَىٰ അകന്ന് പോകും جُنُوبُهُمْ അവരുടെ പാർശ്വങ്ങൾ عَنِ الْمَضَاجِعِ കിടപ്പുസ്ഥാ
നങ്ങളിൽ നിന്ന് يَدْعُونَ അവർ പ്രാർത്ഥിച്ചുകൊണ്ട് رَبَّهُمْ തങ്ങളുടെ രക്ഷിതാവിനെ خَوْفًا
പേടിയാൽ, ഭയന്ന് وَطَمَعًا ആശയാലും, ആഗ്രഹിച്ചും وَمِمَّا رَزَقْنَاهُمْ നാം അവർക്ക് നൽകിയ
തിൽ നിന്ന് يُنْفِقُونَ അവർ ചിലവഴിക്കയും ചെയ്യും.

ആയത്ത് (اية) എന്ന വാക്കിന്റെ ബഹുവചനമാണ് ആയാത്ത് (آيات) ദൃഷ്ടാന്തം, ലക്ഷ്യം, അടയാളം, വേദവാക്യം, സൂക്തം എന്നീ ഉദ്ദേശ്യങ്ങളിലെല്ലാം ഈ വാക്ക് ഉപയോഗിക്കപ്പെടാറുണ്ട്. ക്വുർആൻ വചനങ്ങൾക്ക് ആയത്തുകൾ എന്ന് പറയപ്പെടുന്നതിന്റെ താൽപര്യം ഇതിൽ നിന്ന് മനസ്സിലാക്കാം. അല്ലാഹുവിന്റെ മഹത്വത്തെ വാഴ്ത്തുക, അവന്റെ പരിശുദ്ധതയെ പ്രകീർത്തനം ചെയ്യുക, അവന് ആരാധനാകർമങ്ങൾ നടത്തുക എന്നിവയെല്ലാം ഉൾക്കൊള്ളുന്ന വാക്കാണ് تسبيح (തസ്ബീഹ്)

അല്ലാഹുവിന്റെ ആയത്തുകളിൽ ശരിയായി വിശ്വസിക്കുന്ന ആളുകളുടെ വിശിഷ്ട ലക്ഷണങ്ങളായി ഇവിടെ എടുത്തു പറഞ്ഞ കാര്യങ്ങൾ ഓരോന്നും നാം പ്രത്യേകം മനസ്സിരുത്തേണ്ടതും, പ്രവർത്തനങ്ങളിൽ വരുത്തേണ്ടതുമാകുന്നു. അല്ലാഹു സഹായിക്കട്ടെ. ആമീൻ. അവയെ ഇങ്ങിനെ സംഗ്രഹിക്കാം:

1-ാമത്തെ ഗുണം : അല്ലാഹുവിന്റെ ആയത്തുകൾ-മുഖേനഅഥവാ ദൃഷ്ടാന്തങ്ങൾ മുഖേനയോ ക്വുർആൻ വചനങ്ങൾ മുഖേനയോ-ഉപദേശം നൽകപ്പെട്ടാൽ സശ്രദ്ധം അത് കേൾക്കുകയും, ഭക്തിബഹുമാനത്തോടുകൂടി അത് അനുസരിക്കുകയും, വാക്ക് കൊണ്ടും പ്രവൃത്തികൊണ്ടും അത് അനുഷ്ഠിക്കുകയും ചെയ്യുക (സൂഃ മർയം 58 ന്റെയും, സൂ: ഫുർക്വാൻ 73 ന്റെയും അർത്ഥ വിവരണങ്ങൾ ഓർക്കുക)

2-ാമത്തേത് : അവൻ ഗർവ്വ് നടിക്കുകയില്ല എന്നുള്ളതാകുന്നു. സത്യത്തോടും ഉപദേശത്തോടും ആദരവ്, വാക്കിലും പെരുമാറ്റത്തിലും വിനയം, ഇതാണവരുടെ സ്വഭാവം. ആകയാൽ, ധിക്കാരം മർക്കടമുഷ്ടി, കുതർക്കം, ദുർവ്യാഖ്യാനം, പൊങ്ങച്ചം, സത്യത്തോടും

ന്യായത്തോടും അവഗണന ഇത്യാദി ദോഷങ്ങളൊന്നും അവരെ തീണ്ടുകയില്ല. (സൂ: ലുക്മാൻ 7-ാം വചനം, സൂ: ഹജ്ജ് 8, 9 വചനങ്ങളും വിവരണവും ഓർക്കുക)

3-ാമത്തെ ഗുണം : അവർ രാത്രി സമയത്ത് സാധാരണ ആളുകളെപ്പോലെ നിദ്ര യിൽ മുഴുകി സമയം കഴിക്കുകയില്ല. നമസ്കാരം, ദിക്ർ (ധ്യാനം), തസ്ബീഹ് (കീർത്ത നം), ദുആ (പ്രാർത്ഥന) ആദിയായവയിൽ വ്യാപൃതരാകുന്നതുകൊണ്ട് രാത്രി അധിക സമയം അവർ ശയനസ്ഥാനത്തെ വിട്ടുകൊണ്ടാണ് കഴിച്ചുകൂട്ടുക, സൂ: ദാരിയാത്ത് 17, 18-ൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, അവർ രാത്രി ഉറങ്ങുക കുറവാണ്. (പാതിരാക്കു ശേഷം) അത്താഴവേളകളിൽ അവർ പാപമോചനം തേടിക്കൊണ്ടിരിക്കയും ചെയ്യും. (كانوا قليلا – إلى يستغفرون) സ്വസ്ഥത, മനസ്സാന്നിദ്ധ്യം, ജോലിത്തിരക്കില്ലായ്മ, പ്രാർത്ഥനകളും സൽകർമങ്ങളും കൂടുതൽ ഫലപ്രദമാകുക എന്നിങ്ങിനെ പല നിലക്കും മെച്ചപ്പെട്ടതാണ് രാത്രി സമയം. വിശേഷിച്ചും രാത്രിയുടെ അവസാന ഭാഗം.

4-ാമത്തേത് : ഭയപ്പാടും, ആശയും കലർന്നുകൊണ്ടാണ് അവർ പ്രാർത്ഥനകളും ആരാധനകളും നടത്തുന്നത്. തങ്ങളുടെ പാപങ്ങൾ നിമിത്തം തങ്ങൾ അല്ലാഹുവിന്റെ ശിക്ഷക്കും ശാപകോപങ്ങൾക്കും പാത്രമായേക്കുമോ ? തങ്ങളുടെ പ്രാർത്ഥനാകർമങ്ങൾ അല്ലാ ഹുവിങ്കൽ സ്വീകാര്യമാകാതെ വന്നേക്കുമോ ? തങ്ങൾ സജ്ജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടാ തിരുന്നേക്കുമോ ? ഇതൊക്കെയാണവരുടെ ഭയം. സൽകർമങ്ങൾക്കും, സജ്ജനങ്ങൾക്കും അല്ലാഹു നൽകുന്ന മഹത്തായ വാഗ്ദാനഫലങ്ങൾ, അവന്റെ അതിവിശാലമായ കാരുണ്യം, പ്രാർത്ഥ നാകർമങ്ങൾ സ്വീകരിക്കപ്പെട്ടേക്കുമെന്ന പ്രതീക്ഷ ഇതെല്ലാം അവർക്കു ആശയും ആവേ ശവും നൽകിക്കൊണ്ടുമിരിക്കും. ഭയവും ആശയും ഒരേ സമയത്തുണ്ടായിരിക്കുവാൻ കാര ണമെന്തെന്നാൽ,അല്ലാഹു പറയുന്നു:

نَبِّئْ عِبَادِي أَنِّي أَنَا الْغَفُورُ الرَّحِيمُ ,وَأَنَّ عَذَابِي هُوَ الْعَذَابُ الأَلِيمُ- الحجر:٤٩ ,٥٠

(എന്റെ അടിയാൻമാർക്ക് അറിയിച്ചുകൊടുക്കുക : ഞാൻ തന്നെയാണ് വളരെ പൊറു ക്കുന്നവനും കരുണാനിധിയുമായുള്ളവൻ ; എന്റെ ശിക്ഷതന്നെയാണ് വേദനയേറിയ ശിക്ഷയും എന്ന്)

നബി ﷺ പ്രസ്താവിച്ചിരിക്കുന്നു : സത്യവിശ്വാസി അല്ലാഹുവിന്റെ അടുക്കലുള്ള ശിക്ഷ യെക്കുറിച്ച് (ശരിക്ക്)അറിഞ്ഞിരുന്നുവെങ്കിൽ, അവന്റെ സ്വർഗത്തെക്കുറിച്ച് ഒരാളും ആശിക്കുമാ യിരുന്നില്ല ; (അമിതപ്രതീക്ഷ പുലർത്തുകയില്ല) അവിശ്വാസി അല്ലാഹുവിന്റെ അടുക്കലുള്ള കാരുണ്യത്തെക്കുറിച്ച് (ശരിക്ക്) അറിഞ്ഞിരുന്നുവെങ്കിൽ, അവന്റെ കാരുണ്യത്തെക്കുറിച്ച് ഒരാളും നിരാശപ്പെടുകയും ചെയ്യുമായിരുന്നില്ല. (മുസ്‌ലിം-2755) അതുകൊണ്ട് ഒരോ സത്യവി ശ്വാസിയും എപ്പോഴും പേടിയും ശുഭപ്രതീക്ഷയും (الخوف والرجاء) ഉള്ളവനായിരിക്കണമെന്ന് കർശനമായി ഉപദേശിക്കപ്പെടുന്നു.

5-ാമതായി പറഞ്ഞ ഗുണം : അല്ലാഹു തങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിന്ന് അവർ ചെല വഴിക്കുമെന്നുള്ളതാണ്. തങ്ങൾക്ക് എന്തെല്ലാം കഴിവുകളുണ്ടോ അതെല്ലാം അല്ലാഹു നൽകി യതാണ്-തങ്ങളുടെ സ്വന്തം പ്രാപ്തി കൊണ്ടോ സാമർത്ഥ്യംകൊണ്ടോ ലഭിച്ചതല്ല-എന്ന് അവർക്കും തികച്ചും വിശ്വാസമുണ്ട്. അങ്ങിനെ, അല്ലാഹുവിനും തങ്ങൾക്കുമിടയിലുള്ള ബന്ധം യഥാവിധി നിറവേറ്റുന്നതുപോലെ, സഹസൃഷ്ടികളോടുള്ള ബന്ധവും അവർ പാലിക്കും. കഴിവനുസരിച്ച് ദാനധർമങ്ങളും, സഹായ സഹകരണങ്ങളും ചെയ്യുന്നതിൽ അവർക്ക് പിശുക്കോ വൈമനസ്യമോ ഇല്ല.

സൂ: ദാരിയാത്ത് :19-ൽ ഇതിനെപ്പറ്റി അല്ലാഹു പ്രസ്താവിക്കുന്നത് ഇങ്ങിനെയാകുന്നു: وفى أموالهم حق للسائل والمحروم– الذاريات ചോദിച്ചുവരുന്നവർക്കും, സംഗതിവശാൽ ചോദിക്കുന്നതിനു തടസ്സം നേരിട്ടിട്ടുള്ളവർക്കും അവരുടെ സ്വത്തുകളിൽ അവകാശമുണ്ട്-അഥവാ അവർക്ക് തങ്ങളുടെ സ്വത്തിൽ നിന്ന് സഹായം നൽകുന്നത് തങ്ങളുടെ കടമയാണെന്നുള്ള നിലക്കാണ് അവരുടെ പെരുമാറ്റം - എന്നു താൽപര്യം. ഇങ്ങിനെയുള്ള സൽഗുണവാൻമാരിൽ അല്ലാഹു നമ്മെയും ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ!. പ്രതിഫലം അല്ലാഹു വിവരിക്കുന്നത് നോക്കുക :

فَلَا تَعۡلَمُ نَفۡسٌ مَّآ أُخۡفِيَ لَهُم مِّن قُرَّةِ أَعۡيُنٖ جَزَآءَۢ بِمَا كَانُواْ يَعۡمَلُونَ ﴿١٧﴾

《17》 അതിനാൽ, കൺകുളിർമയായി [ആനന്ദകരമായി കൊണ്ട്] അവർക്കുവേണ്ടി ഗോപ്യമാക്കി (സൂക്ഷിച്ചു)വെക്കപ്പെട്ടിട്ടുള്ളത് ഒരാൾക്കും അറിയാവുന്നതല്ല ; (അതെ) അവർ പ്രവർത്തിച്ചിരുന്നതിന് പ്രതിഫലമായിട്ട് !

《17》 فَلَاتَعۡلَمُ ആകയാൽ (എന്നാൽ) അറിയുന്നതല്ല نَفۡسٌ ഒരാളും مَاأُخۡفِيَ ഗോപ്യമാക്കി (ഒളിച്ചു)വെക്കപ്പെട്ടിട്ടുള്ളത് لَهُمۡ അവർക്ക് വേണ്ടി مِنۡقُرَّةِأَعۡيُنٖ കൺകുളിർമയായിട്ട് جَزَآءً പ്രതിഫലമായി بِمَا യാതൊന്നിന് كَانُوايَعۡمَلُونَ അവർ പ്രവർത്തിച്ചു കൊണ്ടിരുന്ന

ആ സൽഭാഗ്യവാൻമാർ തങ്ങളുടെ ആരാധാനാകർമങ്ങൾ മറ്റാരുടെയും പ്രശംസയോ പ്രീതിയോ ലക്ഷ്യമാക്കാതെ രാത്രി സമയങ്ങളിൽ സ്വകാര്യമായി നടത്തിയിരുന്നതുപോലെ, അവർക്കുള്ള അവർണനീയമായ പ്രതിഫലങ്ങളെ അല്ലാഹുവും ഗോപ്യമാക്കി ഒരുക്കിവെച്ചിരിക്കുകയാണ്. ആരുടെ ഭാവനക്കും അനുമാനത്തിലും അതീതമാണത്. നബിﷺ പറയുന്നു. (അല്ലാഹു പറയുകയാണ് : എന്റെ സജ്ജനങ്ങളായ അടിയാൻമാർക്ക് വേണ്ടി ഏതൊരു കണ്ണും കണ്ടിട്ടില്ലാത്തതും, ഏതൊരു കാതും കേട്ടിട്ടില്ലാത്തതും, ഒരു മനുഷ്യന്റെ ഹൃദയത്തിലും തോന്നിയിട്ടില്ലാത്തതുമായ വസ്തുക്കൾ ഞാൻ ഒരുക്കിവെച്ചിരിക്കുന്നു. (ഇതിനുതെളിവായി)നിങ്ങൾ .... فلا تعلم نفس എന്നുള്ള (ഈ) ഖുർആൻ വചനം ഓതിക്കൊള്ളുക) (ബു; മു.)

أَفَمَن كَانَ مُؤۡمِنٗا كَمَن كَانَ فَاسِقٗاۚ لَّا يَسۡتَوُۥنَ ﴿١٨﴾

《18》 അപ്പോൾ, സത്യവിശ്വാസിയായിരിക്കുന്നവൻ തോന്നിയവാസിയായിരിക്കുന്നവനെപ്പോലെയാണോ?! (അല്ല,) അവർ സമമാവുകയില്ല.

أَمَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ فَلَهُمۡ جَنَّٰتُ ٱلۡمَأۡوَىٰ نُزُلَۢا بِمَا كَانُواْ يَعۡمَلُونَ ﴿١٩﴾

《19》 എന്നാൽ, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവർ പ്രവർത്തിച്ചുവരുന്നതിന്റെ ഫലമായി, സൽക്കാരമെന്നനിലയിൽ, അവർക്ക് (ആതിഥേയ)വാസത്തിന്റെ സ്വർഗങ്ങളുണ്ടായിരിക്കും.

وَأَمَّا ٱلَّذِينَ فَسَقُوا۟ فَمَأْوَىٰهُمُ ٱلنَّارُ ۖ كُلَّمَآ أَرَادُوٓا۟ أَن يَخْرُجُوا۟ مِنْهَآ أُعِيدُوا۟ فِيهَا وَقِيلَ لَهُمْ ذُوقُوا۟ عَذَابَ ٱلنَّارِ ٱلَّذِى كُنتُم بِهِۦ تُكَذِّبُونَ ﴿٢٠﴾

﴿20﴾ എന്നാൽ, തോന്നിയവാസം പ്രവർത്തിച്ചവരാകട്ടെ, അവരുടെ (ആതിഥേയ) വാസസ്ഥലം നരകമാകുന്നു; അവർ അതിൽ നിന്ന് പുറത്തുപോകുവാൻ ഉദ്യമിക്കുമ്പോഴെല്ലാം, അതിൽ (തന്നെ വീണ്ടും) അവർ മടക്കപ്പെടുന്നതാണ്. അവരോട് പറയപ്പെടുകയും ചെയ്യും : നിങ്ങൾ വ്യാജമാക്കിയിരുന്നതായ ആ നരകശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുവിൻ എന്ന് !

﴿18﴾ أَفَمَنْ كَانَ അപ്പോൾ ആയിട്ടുള്ളവനാണോ مُؤْمِنًا സത്യവിശ്വാസി كَمَنْ ഒരുവ
നെപ്പോലെ كَانَ فَاسِقًا തോന്നിയവാസി (ധിക്കാരി, തെമ്മാടി) ആയിട്ടുള്ള لَا يَسْتَوُونَ അവർ
സമമാവുകയില്ല ﴿19﴾ أَمَّا الَّذِينَ എന്നാൽ യാതൊരുകൂട്ടർ آمَنُوا അവർ വിശ്വസിച്ചു
وَعَمِلُوا അവർ പ്രവർത്തിക്കയും ചെയ്തു الصَّالِحَاتِ സൽക്കർമ്മങ്ങൾ فَلَهُمْ എന്നാലവർക്കുണ്ട്
جَنَّاتُ الْمَأْوَى വാസത്തിന്റെ (വാസസ്ഥലത്തിന്റെ) സ്വർഗങ്ങൾ نُزُلًا സൽക്കാരമായിട്ട്, വിരു
ന്നായിട്ട് بِمَا كَانُوا അവർ ആയിരുന്നതു നിമിത്തം يَعْمَلُونَ അവർ പ്രവർത്തിക്കും ﴿20﴾
وَأَمَّا الَّذِينَ എന്നാൽ യാതൊരു കൂട്ടരോ فَسَقُوا അവർ തോന്നിയവാസം (ധിക്കാരം) ചെയ്തു
فَمَأْوَاهُمُ അപ്പോൾ അവരുടെ വാസസ്ഥാനം النَّارُ നരകമാണ് كُلَّمَا أَرَادُوا അവർ ഉദ്ദേശിക്കു
മ്പോഴെല്ലാം أَنْ يَخْرُجُوا അവർ പുറത്തുപോകാൻ مِنْهَا അതിൽ നിന്ന് أُعِيدُوا അവർ
(വീണ്ടും) മടക്കപ്പെടും فِيهَا അതിൽ وَقِيلَ പറയപ്പെടും لَهُمْ അവരോട് ذُوقُوا നിങ്ങൾ ആസ്വ
ദിക്കുവിൻ عَذَابَ النَّارِ നരകശിക്ഷയെ الَّذِي كُنْتُمْ നിങ്ങൾ ആയിരുന്നതായ بِهِ അതിനെ
تُكَذِّبُونَ വ്യാജമാക്കുക, കളവാക്കിക്കൊ
ണ്ടിരിക്കുക.

ഇരുകൂട്ടരുടെയും വിശ്വാസങ്ങളും പ്രവൃത്തികളും ഇഹത്തിൽ പരസ്പര വിരുദ്ധമായിരുന്നത്പോലെത്തന്നെ, പരത്തിൽ ഇരുകൂട്ടരുടെയും പ്രതിഫലങ്ങളും, പര്യവസാനങ്ങളും പരസ്പര വിരുദ്ധമായിരിക്കും. ഒരു കൂട്ടരുടെ - സജ്ജനങ്ങളായ വിശ്വാസികളുടെ- ആനന്ദപരമായ സ്വർഗീയ ജീവിതം എത്രമേൽ മഹത്തരമാണോ, അത്രയും കടുത്തതും അസഹ്യവുമായിരിക്കും മറ്റെവരുടെ - ധിക്കാരികളായ അവിശ്വാസികളുടെ - നരകജീവിതവും. എന്നാൽ, ധിക്കാരികൾക്കുള്ള ശിക്ഷാനടപടി പരലോകത്തിൽ വെച്ചു മാത്രമാണോ ഉണ്ടായിരിക്കുക? അല്ല :-

وَلَنُذِيقَنَّهُم مِّنَ ٱلْعَذَابِ ٱلْأَدْنَىٰ دُونَ ٱلْعَذَابِ ٱلْأَكْبَرِ لَعَلَّهُمْ يَرْجِعُونَ ﴿٢١﴾

﴿21﴾ ഏറ്റവും വലുതായ ശിക്ഷക്ക് പുറമെ, അവർക്ക് നാം താണ ശിക്ഷയിൽ നിന്നും (ചിലതൊക്കെ) ആസ്വദിപ്പിക്കുക തന്നെ ചെയ്യുന്നതാണ്; അവർ മടങ്ങിയേക്കാമല്ലോ (-അതിന് വേണ്ടി)

﴾21﴿ وَلَنُذِيقَنَّهُم അവർക്ക് നാം ആസ്വദിപ്പിക്കുക തന്നെ ചെയ്യും مِنَ ٱلْعَذَابِ ശിക്ഷയിൽ നിന്ന് ٱلْأَدْنَىٰ താണതായ, അടുത്തതായ دُونَ ٱلْعَذَابِ ശിക്ഷക്കപ്പുറമെ ٱلْأَكْبَرِ ഏറ്റവും വലിയ لَعَلَّهُمْ അവരായേക്കാം ആകുവാൻ വേണ്ടി يَرْجِعُونَ മടങ്ങുക, മടങ്ങുന്ന (വർ)

രോഗം, ക്ഷാമം, യുദ്ധം തുടങ്ങിയ വിവിധ മനഃക്ളേശങ്ങളും കഷ്ടപ്പാടുകളും ഇഹലോകത്ത്വെച്ചുതന്നെ അവർക്ക് അനുഭവപ്പെടും. ഇങ്ങിനെയുള്ള പരീക്ഷണങ്ങളിൽനിന്നെങ്കിലും അവർ പാഠം പഠിച്ചു മടങ്ങുവാൻ വേണ്ടിയാണത്. മടങ്ങുന്നില്ലെങ്കിൽ ഇതിന്പുറമെ പരലോകത്ത്വെച്ചുള്ള ഏറ്റവും വമ്പിച്ച ശിക്ഷയും അവർ അനുഭവിക്കേണ്ടി വരും. ക്വുർആന്റെ അവതരണവേളയിൽ അതിന്റെ പ്രത്യക്ഷശത്രുക്കളായിരുന്ന ക്വുറൈശികളെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള പല ശിക്ഷകളും അവർക്ക് അനുഭവപ്പെട്ടിട്ടുണ്ട്. പല യുദ്ധങ്ങൾക്കും പുറമെ ഏഴ്കൊല്ലം ഒന്നായി അവർക്ക് വമ്പിച്ച ക്ഷാമം പിടിപെട്ടു. മനുഷ്യൻ തിന്നാറില്ലാത്ത പലതും ഭക്ഷിക്കുവാൻ പോലും അവർ നിർബന്ധിതരായി. അല്ലാഹുവിന്റെ നിയമങ്ങളെ പരസ്യമായി ധിക്കരിച്ച പല ജനതകളിലും ഇതുപോലെ വിവിധ ഭയങ്കര ശിക്ഷകൾ അനുഭവപ്പെട്ടിട്ടുള്ളത് ചരിത്ര പ്രസിദ്ധങ്ങളാണ്. പക്ഷേ, ചിലപ്പോൾ ചില ജനതയുടെയൊ, ചില വ്യക്തിയുടെയോ മേലുള്ള നടപടി പെട്ടെന്ന് സംഭവിച്ചില്ലെന്ന്വന്നേക്കും. ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അല്ലാഹു തന്റെ ശിക്ഷാനടപടികൾ നടത്താതിരിക്കുകയില്ല. ഇതിനെപ്പറ്റിയാണ് നബിപറയുന്നത് : إن الله ليملى الظالم حتى إذا أخذه لم يفلته –متفق عليه (അല്ലാഹു അക്രമിയെ അയച്ചുവിട്ടേക്കും, അങ്ങനെ, അവനെ അവൻ പിടിക്കുമ്പോൾ അവനു കുതറി രക്ഷപ്പെടാനാവുകയില്ല.) (ബു;മു.)

وَمَنْ أَظْلَمُ مِمَّن ذُكِّرَ بِـَٔايَـٰتِ رَبِّهِۦ ثُمَّ أَعْرَضَ عَنْهَآ ۚ إِنَّا مِنَ ٱلْمُجْرِمِينَ مُنتَقِمُونَ ﴿٢٢﴾

﴾22﴿ തന്റെ രക്ഷിതാവിന്റെ ആയത്തുകൾ മുഖേന ഉൽബോധനം ചെയ്യപ്പെടുകയും, എന്നിട്ട് അവയെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്തവനെക്കാൾ അക്രമി ആരാണുള്ളത്?! നിശ്ചയമായും (ആ) കുറ്റവാളികളോട് നാം (പ്രതികാര)ശിക്ഷാനടപടിയെടുക്കുന്നവരാകുന്നു.

﴾22﴿ وَمَنْ ആരാണ്, ആരുണ്ട് أَظْلَمُ ഏറ്റവും (കൂടുതൽ)അക്രമി مِمَّنْ യാതൊരുവനെക്കാൾ ذُكِّرَ അവന് ഉപദേശം (ഉൽബോധനം)ചെയ്യപ്പെട്ടു بِآيَاتِ رَبِّهِ തന്റെ റബ്ബിന്റെ ആയത്തുകൾ മുഖേന ثُمَّ പിന്നെ, എന്നിട്ട് أَعْرَضَ അവൻ തിരിഞ്ഞുകളഞ്ഞു عَنْهَا അവ വിട്ട് إِنَّا നിശ്ചയമായും നാം مِنَ الْمُجْرِمِينَ കുറ്റവാളികളോട് مُنتَقِمُونَ ശിക്ഷാനടപടി എടുക്കുന്നവരാണ്, പ്രതികാരമെടുക്കുന്നവരാണ്

തങ്ങളുടെ ശാശ്വത നൻമക്കും, രക്ഷക്കും വേണ്ടി ഉപദേശം ചെയ്യപ്പെടുക, അത് തങ്ങളുടെ രക്ഷിതാവും നാഥനുമായുള്ള അല്ലാഹുവിന്റെ വേദവാക്യങ്ങളും, ദൃഷ്ടാന്തങ്ങളും മുഖേനയും ആയിരിക്കുക, എന്നിട്ടും അത് സ്വീകരിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യാതെ തള്ളിക്കളയുമ്പോൾ അതിൽപരം അനീതി മറ്റെന്തുണ്ട് ?! അതുകൊണ്ട് അങ്ങിനെയുള്ള കുറ്റവാളികളെ അല്ലാഹു ശിക്ഷിക്കാതെ വിടുകയില്ലെന്നു സാരം.

വിഭാഗം - 3

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَـٰبَ فَلَا تَكُن فِى مِرْيَةٍ مِّن لِّقَآئِهِۦ ۖ وَجَعَلْنَـٰهُ هُدًى لِّبَنِىٓ إِسْرَٰٓءِيلَ ﴿٢٣﴾

《23》 മൂസാക്ക് നാം വേദഗ്രന്ഥം നൽകുകയുണ്ടായിട്ടുണ്ട് ; എന്നാൽ അതിന്റെ (അഥവാ അദ്ദേഹത്തിന്റെ) കാഴ്ചയെക്കുറിച്ച് നീ യാതൊരു ആശങ്കയിലും ആകേണ്ടതില്ല. നാം അതിനെ (അഥവാ അദ്ദേഹത്തെ) ഇസ്‌റാഈൽ സന്തതികൾക്ക് മാർഗദർശനമാക്കുകയും ചെയ്തു.

وَجَعَلْنَا مِنْهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا لَمَّا صَبَرُوا۟ ۖ وَكَانُوا۟ بِـَٔايَـٰتِنَا يُوقِنُونَ ﴿٢٤﴾

《24》 അവർ ക്ഷമ കൈക്കൊണ്ടപ്പോൾ നമ്മുടെ കല്പനയനുസരിച്ച് (ജനങ്ങൾക്ക്) മാർഗദർശനം നൽകുന്ന ചില നേതാക്കളെ നാം അവരിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. അവർ, നമ്മുടെ ആയത്തുകളിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്തിരുന്നു.

إِنَّ رَبَّكَ هُوَ يَفْصِلُ بَيْنَهُمْ يَوْمَ ٱلْقِيَـٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿٢٥﴾

《25》 നിശ്ചയമായും, അവർ ഭിന്നിച്ചുകൊണ്ടിരുന്ന കാര്യത്തിൽ നിന്റെ റബ്ബ് തന്നെ അവർക്കിടയിൽ ഖിയാമത്ത്നാളിൽ തീരുമാനം ചെയ്യുന്നതാണ്.

《23》 وَلَقَدْ آتَيْنَا നാം നൽകിയിട്ടുണ്ട് مُوسَى മൂസാക്ക് الْكِتَابَ വേദഗ്രന്ഥം فَلَا تَكُنْ എന്നാൽ നീ ആവരുത് فِي مِرْيَةٍ ഒരു ആശങ്കയിലും, സംശയത്തിലും مِنْ لِقَائِهِ അതിന്റെ (അദ്ദേഹത്തിന്റെ)കാഴ്ചയെ(ഏറ്റെടുക്കലിനെ)പ്പറ്റി وَجَعَلْنَاهُ അദ്ദേഹത്തെ (അതിനെ) നാം ആക്കുകയും ചെയ്തു هُدًى മാർഗദർശനം لِبَنِي إِسْرَائِيلَ ഇസ്‌റാഈൽ സന്തതികൾക്ക് 《24》 وَجَعَلْنَا مِنْهُمْ അവരിൽ നിന്നും നാം ഉണ്ടാക്കുകയും ചെയ്തു أَئِمَّةً ചില നേതാക്കളെ يَهْدُونَ മാർഗദർശനം നൽകുന്ന بِأَمْرِنَا നമ്മുടെ കൽപന പ്രകാരം لَمَّا صَبَرُوا അവർ ക്ഷമിച്ച

പ്പോൾ ا وَ كَانُو അവരായിരുന്നു بِآيَاتِنَا നമ്മുടെ ആയത്തുകളിൽ يُوقِنُونَ ദൃഢമായി വിശ്വസിക്കും ﴾25﴿ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് هُوَ അവൻ (തന്നെ) يَفْصِلُ തീരുമാനം ചെയ്യും, തീർപ്പ് കല്പിക്കും, പിരിച്ചുവിടും بَيْنَهُمْ അവർക്കിടയിൽ يَوْمَ الْقِيَامَةِ ക്വിയാമത്ത്നാളിൽ فِيمَا യാതൊന്നിൽ كَانُوا അവരായിരുന്നു فِيهِ അതിൽ يَخْتَلِفُونَ ഭിന്നിക്കും, ഭിന്നിക്കുന്ന(വർ)

لقاء (ലിക്വാഉ്) എന്ന വാക്കിന് കാണുക, ഏറ്റെടുക്കുക, സ്വീകരിക്കുക എന്നൊക്കെ അർത്ഥമുണ്ട്. لقائه എന്നതിലുള്ള സർവ്വനാമം (ضمير) വേദഗ്രന്ഥത്തെ ഉദ്ദേശിച്ചോ, മൂസാ (അ)നെ ഉദ്ദേശിച്ചോ ആകാവുന്നതുമാണ്. ഈ അടിസ്ഥാനത്തിൽ 23-ാം വചനത്തിലെ ആദ്യഭാഗത്തിന് ഒന്നിലധികം വ്യാഖ്യാനം നൽകപ്പെട്ടുകാണാം. വാചകഘടനയും, സന്ദർഭവും വെച്ചു നോക്കുമ്പോൾ താഴെ പറയുന്ന രണ്ടിലൊരു വ്യാഖ്യാനമാണ് അവയിൽവെച്ച് കൂടുതൽ യുക്തമായി തോന്നുന്നത് :

1) മൂസാക്ക് വേദഗ്രന്ഥം നൽകിയിട്ട് അദ്ദേഹത്തിനുണ്ടായ കാഴ്ചയെപ്പറ്റി - അദ്ദേഹത്തിന് നേരിടേണ്ടിവന്ന എതിർപ്പുകളെയും, വിഷമങ്ങളെയും കുറിച്ച് - ഒട്ടും സംശയിക്കുവാനില്ല. വളരെ കടുത്തതായിരുന്നു അത്. അതുപോലെത്തന്നെയാണ് ഈ ജനതയിൽ നിന്ന് തനിക്കും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്.

2) മൂസാക്ക് വേദഗ്രന്ഥം കൊടുത്തുവല്ലോ. അതുപോലെ നീയും വേദഗ്രന്ഥം കാണുന്നതിനെസ്സംബന്ധിച്ച്-അഥവാ ജനങ്ങൾക്ക് മാർഗദർശകവും നിയമസംഹിതയുമാകുന്ന ഒരു പൂർണഗ്രന്ഥം തനിക്കും ലഭിക്കുമാറാക്കുന്നതിനെക്കുറിച്ച് - ഒട്ടും ആശങ്കക്കവകാശമില്ല. അത് ലഭിക്കുകതന്നെ ചെയ്യും. الله اعلم

ഈ വചനങ്ങളിൽ ഒന്നുരണ്ട് സൂചനകൾ അടങ്ങിയിട്ടുള്ളതായി കാണാം. ഇസ്‌റാഈല്യർ വേദഗ്രന്ഥം കൈവെടിയുകയും, സത്യത്തിൽ നിന്ന് പാടെ ഭിന്നിച്ചുപോകുകയും ചെയ്തപ്പോൾ അവരെ നയിക്കത്തക്ക നേതാക്കൾ അവരിൽ ഇല്ലാതായി. വേദഗ്രന്ഥമാകട്ടെ, അതിന്റെ സാക്ഷാൽരൂപത്തിൽ അവശേഷിക്കാതെയും, ആ രൂപത്തിൽ അത് ആരാലും അംഗീകരിക്കപ്പെടാതെയും ആയിത്തീർന്നു. അതുകൊണ്ട് ഒരു പുതിയ ന്യായപ്രമാണത്തിന്റെയും വേദഗ്രന്ഥത്തിന്റെയും ആവശ്യം നേരിട്ടിരിക്കുകയാണ്. ആ ഗ്രന്ഥം, കാലാവസാനംവരെ അവശേഷിക്കുന്നതാവണം. അതിന്റെ അദ്ധ്യാപനങ്ങൾ എല്ലാ കാലത്തും യഥാവിധി തുറന്നുകാട്ടുവാൻ പര്യാപ്തമായ ആളുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയും വേണം. അതത്രെ, വിശുദ്ധ ക്വുർആൻ. അല്ലാഹു പറയുന്നു : إنا نحن نزلنا الذكر وانا له لحافظون (നാം തന്നെയാണ് പ്രമാണം-ക്വുർആൻ-അവതരിപ്പിച്ചത്. നാം തന്നെ അത് കാത്തു സൂക്ഷിക്കുന്നവരുമാണ്.(സൂ: ഹിജ്ർ:9) നബി ﷺ പറയുന്നു لا يزال من امتى قائمة بأمر الله لا يضرهم من خذلهم ولا من خالفهم حتى يأتى أمر الله وهم على ذلك– متفق عليه: (എന്റെ സമുദായത്തിൽ നിന്ന് ഒരു വിഭാഗം ആളുകൾ അല്ലാഹുവിന്റെ കൽപനയനുസരിച്ച് നിലകൊള്ളുന്നവരായി ഉണ്ടാവാതിരിക്കയില്ല. അവരെ കൈവെടിയുന്നവരാകട്ടെ, അവരോട് ഭിന്നിച്ചു നിൽക്കുന്നവരാകട്ടെ അവർക്ക് ഉപദ്രവം - തടസ്സം - വരുത്തുകയില്ല. അങ്ങനെ, അവർ അതേ നിലയിലിരിക്കവെ അല്ലാഹുവിന്റെ കല്പന - കാലാവസാനം - വന്നെത്തും (ബു; മു.)

أَوَلَمْ يَهْدِ لَهُمْ كَمْ أَهْلَكْنَا مِن قَبْلِهِم مِّنَ ٱلْقُرُونِ يَمْشُونَ فِى مَسَٰكِنِهِمْ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ ۖ أَفَلَا يَسْمَعُونَ ﴿٢٦﴾

﴾26﴿ ഇവർക്ക് മുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിരിക്കുന്നുവെന്നത് ഇവർക്ക് മാർഗദർശനം നൽകുന്നില്ലേ? ഇവർ അവരുടെ വാസസ്ഥലങ്ങളിൽ കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു (വല്ലോ)! നിശ്ചയമായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട് ; എന്നിട്ടും ഇവർ കേട്ടറിയുന്നില്ലേ ?!

أَوَلَمْ يَرَوْا۟ أَنَّا نَسُوقُ ٱلْمَآءَ إِلَى ٱلْأَرْضِ ٱلْجُرُزِ فَنُخْرِجُ بِهِۦ زَرْعًا تَأْكُلُ مِنْهُ أَنْعَٰمُهُمْ وَأَنفُسُهُمْ ۖ أَفَلَا يُبْصِرُونَ ﴿٢٧﴾

﴾27﴿ വരണ്ടുകിടക്കുന്ന ഭൂമിയിലേക്ക് നാം വെള്ളത്തെ കൊണ്ടുചെല്ലുന്നുവെന്നുള്ളത് ഇവർക്ക് കണ്ടുകൂടേ ? അങ്ങനെ, ഇവരുടെ കന്നുകാലികളും, ഇവർ തന്നെയും തിന്നുകൊണ്ടിരിക്കുന്ന കൃഷിയെ നാം അതുമൂലം ഉല്പാദിപ്പിക്കുകയും ചെയ്യുന്നു ! എന്നിട്ടും ഇവർ കണ്ടറിയുന്നില്ലേ ?!

﴾26﴿ أَوَلَمْ يَهْدِ മാർഗദർശനം നൽകുന്നില്ലേ, വഴികാട്ടുന്നില്ലേ لَهُمْ ഇവർക്ക്, അവർക്ക് كَمْ أَهْلَكْنَا നാം എത്രയോ നശിപ്പിച്ചിരിക്കുന്നു (എന്നുള്ളത്) مِن قَبْلِهِمْ ഇവരുടെ (അവരുടെ) മുമ്പ് مِنَ الْقُرُونِ തലമുറകളിൽ നിന്ന് يَمْشُونَ ഇവർ സഞ്ചരിക്കുന്നു, നടക്കുന്നു فِي مَسَاكِنِهِمْ അവരുടെ വാസസ്ഥലങ്ങളിൽ إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ أَفَلَا يَسْمَعُونَ എന്നിട്ടും അവർ (ഇവർ) കേൾക്കുന്നില്ലേ ﴾27﴿ أَوَلَمْ يَرَوْا അവർ കാണുന്നില്ലേ, കണ്ടിട്ടില്ലേ أَنَّا نَسُوقُ നാം കൊണ്ടുചെന്നുവെന്ന്, തെളിച്ചുകൊണ്ടുപോകുന്നത് الْمَاءَ വെള്ളം إِلَى الْأَرْضِ ഭൂമിയിലേക്ക് الْجُرُزِ വരണ്ടതായ (സസ്യങ്ങളില്ലാത്ത) فَنُخْرِجُ അങ്ങിനെ നാം പുറപ്പെടുവിക്കുന്നു (ഉല്പാദിപ്പിക്കുന്നു) بِهِ അതുകൊണ്ട് زَرْعًا കൃഷിയെ, വിളയെ تَأْكُلُ തിന്നുന്നു مِنْهُ അതിൽ നിന്ന് أَنْعَامُهُمْ അവരുടെ കന്നുകാലികൾ وَأَنفُسُهُمْ അവരുടെ ദേഹങ്ങളും (അവർതന്നെയും) أَفَلَا يُبْصِرُونَ എന്നിട്ടും അവർ (ഇവർ)കാണുന്നില്ലേ, കണ്ടറിയുന്നില്ലേ

ആദ്യത്തെ ആയത്തിൽ ഖുർആന്റെ നിഷേധികൾക്ക് അവരുടെ നാശത്തെക്കുറിച്ചുള്ള താക്കീതും, രണ്ടാമത്തേതിൽ പുന:രുത്ഥാനത്തെ സംബന്ധിച്ച ഒരു തെളിവും അടങ്ങുന്നു.

وَيَقُولُونَ مَتَىٰ هَٰذَا ٱلْفَتْحُ إِن كُنتُمْ صَٰدِقِينَ ﴿٢٨﴾

﴾28﴿ അവർ പറയുന്നു : എപ്പോഴാണ് ഈ വിജയം (അഥവാ തീരുമാനം) നിങ്ങൾ സത്യവാൻമാരാണെങ്കിൽ?!

قُلْ يَوْمَ ٱلْفَتْحِ لَا يَنفَعُ ٱلَّذِينَ كَفَرُوٓا۟ إِيمَـٰنُهُمْ وَلَا هُمْ يُنظَرُونَ ﴿٢٩﴾

《29》 (നബിയേ) പറയുക : വിജയത്തിന്റെ (അഥവാ തീരുമാനത്തിന്റെ) ദിവസം, അവിശ്വസിച്ചവരായ ആളുകൾക്ക് അവരുടെ (അപ്പോഴത്തെ) വിശ്വാസം ഫലം ചെയ്യുന്നതല്ല ; അവർക്ക് (കാലാവധി നൽകി) താമസം ചെയ്തുകൊടുക്കപ്പെടുന്നതുമല്ല.

《28》 وَيَقُولُونَ അവർ പറയുന്നു مَتَى എപ്പോഴാണ് هَذَا الْفَتْحُ ഈ തുറവി (വിജയം, തീരുമാനം) إِنْ كُنْتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യവാൻമാർ 《29》 قُلْ പറയുക يَوْمَ الْفَتْحِ തുറവിയുടെ ദിവസം لَا يَنْفَعُ ഉപകാരം ചെയ്കയില്ല, ഫലപ്പെടുകയില്ല الَّذِينَ كَفَرُوا അവിശ്വസിച്ചവർക്ക് إِيمَانُهُمْ അവരുടെ വിശ്വാസം وَلَا هُمْ അവരില്ലതാനും يُنْظَرُونَ താമസം ചെയ്തുകൊടുക്കപ്പെടുക, ഒഴിവുനൽകപ്പെടുക

മക്കയിൽ വെച്ച് മുശ്‌രിക്കുകളുടെ ഉപദ്രവങ്ങളും മർദ്ദനങ്ങളും മുസ്‌ലിംകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അവതരിച്ചതാണ് ഈ സൂറത്ത്. സത്യവിശ്വാസികൾ തൽക്കാലം പലതരം വിഷമങ്ങൾക്കും വിധേയരാണെങ്കിലും, ഭാവിയിൽ രക്ഷയും വിജയവും അവർക്കാണ് ; അവിശ്വാസികൾക്ക് പരാജയവും ശിക്ഷയും അനുഭവപ്പെടുകതന്നെ ചെയ്യും. അങ്ങിനെ, ഇരുവിഭാഗത്തിനുമിടയിൽ ഒരു തീരുമാനം വരും എന്നൊക്കെ നബിﷺ സത്യവിശ്വാസികളെ അറിയിക്കാറുണ്ടല്ലോ. ഇതിനെപ്പറ്റി പരിഹസിച്ചുകൊണ്ട് മുശ്‌രിക്കുകൾ ചോദിക്കുന്ന ചോദ്യവും അതിന്റെ മറുപടിയുമാണിത്. മറുപടിയുടെ സാരം ഇതാണ് : അക്കാര്യം സംഭവിക്കുമെന്നതിൽ ഒട്ടും സംശയമില്ല. എപ്പോഴാണെന്നുള്ള സംഗതി അല്ലാഹുവിനറിയാം. അവൻ ഉദ്ദേശിച്ച സമയത്ത് അത് നടക്കും. അപ്പോൾ അവർ അങ്ങേയറ്റം ഖേദവും, വിശ്വാസവും പ്രകടിപ്പിക്കാതിരിക്കയില്ല. പക്ഷേ, ആ വിശ്വാസം സ്വീകരിക്കപ്പെടുകയോ, അവരുടെ ഒഴികഴിവ് ഗൗനിക്കപ്പെടുകയോ ചെയ്യുന്നതല്ല. ഇതവർ ഓർത്തിരിക്കട്ടെ

فتح (ഫത്ഹ്) എന്നാൽ തുറവി, വിജയം, തീരുമാനം, ആശ്വാസം എന്നൊക്കെയാണർത്ഥം يَوْمَ الْفَتْحِ (വിജയത്തിന്റെ – അഥവാ തീരുമാനത്തിന്റെ – ദിവസം) കൊണ്ടുദ്ദേശ്യം ഖിയാമത്ത്നാളാണെന്നത്രെ കൂടുതൽ ബലപ്പെട്ട അഭിപ്രായം. ഇഹത്തിൽ വെച്ചു തന്നെ അവിശ്വാസികൾക്ക് അനുഭവപ്പെടുന്ന ഏതെങ്കിലും ശിക്ഷയുടെ അവസരമാണ് അതുകൊണ്ട് ഉദ്ദേശ്യമെന്നും അഭിപ്രായമുണ്ട്. രണ്ടായാലും ശരി, മരണവേളയിലും, ഖിയാമത്ത്നാളിലുമെല്ലാം തന്നെ, അവിശ്വാസികൾ തങ്ങളുടെ ചെയ്തികളെപ്പറ്റി ഖേദിച്ചു വിലപിക്കുകയും, ഒഴികഴിവുകൾ സമർപ്പിച്ചു നോക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല. ഖുർആൻ പലപ്പോഴും ആവർത്തിച്ചു പ്രസ്താവിച്ചിട്ടുള്ളതാണിത്.

മുശ്‌രിക്കുകളുടെ പ്രസ്തുത ചോദ്യത്തെ അവഗണിക്കുവാനും, മുസ്‌ലിംകളുടെ വിജയത്തിന്റെയും സന്തോഷത്തിന്റെയും അവസരത്തെ സുപ്രതീക്ഷയോടെ കാത്തിരിക്കുവാനും നബിﷺയെ ഉണർത്തിക്കൊണ്ട് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു.

فَأَعۡرِضۡ عَنۡهُمۡ وَٱنتَظِرۡ إِنَّهُم مُّنتَظِرُونَ ۝٣٠

﴾30﴿ അതുകൊണ്ട് നീ അവരിൽ നിന്നും (അവഗണനയോടെ) തിരിഞ്ഞു കളയുക ; പ്രതീക്ഷിച്ചുകൊണ്ടിരിക്കയും ചെയ്യുക. നിശ്ചയമായും അവർ പ്രതീക്ഷിച്ചുക്കൊണ്ടിരിക്കുന്നവരാണ്.

﴾30﴿ فَأَعۡرِضۡ അതുകൊണ്ട് തിരിഞ്ഞുകളയുക, അവഗണിക്കുക عَنۡهُمۡ അവരെപ്പറ്റി, അവരിൽ നിന്ന് وَانۡتَظِرۡ കാത്തിരിക്കയും (പ്രതീക്ഷിക്കയും)ചെയ്യുക إِنَّهُمۡ നിശ്ചയമായും അവർ مُنۡتَظِرُونَ പ്രതീക്ഷിച്ചിരിക്കുന്നവരാണ്.

ആരുടെ പ്രതീക്ഷയാണ് സാക്ഷാൽക്കരിക്കപ്പെടുക എന്ന് അനുഭവത്തിൽ കാണാമല്ലോ എന്ന് താൽപര്യം.

اللهم ايدنا بنصرك وعاملنا بلطفك ومغفرتك ورحمتك يا أرحم الراحمين